അടയ്ക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) നിയമാനുസൃതമായുള്ള നികുതിനൽകാതിരിക്കാനായി ട്രക്കുകളിലാണ് സംസ്ഥാനത്ത് മരുന്ന് കടത്തി കൊണ്ടുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വൻതോതിൽ നികുതി ചോർച്ച സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) അനധികൃതമായി കടത്തിക്കൊണ്ടുവരുന്നതിനാൽ മെഡിക്കൽ സ്റ്റോറുകൾ മരുന്നുകൾക്ക് ബില്ല് എഴുതാറില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) സംസ്ഥാനത്ത് നടന്നുവരുന്ന വ്യാജമരുന്ന് വിൽപ്പനയും നികുതിവെട്ടിപ്പും തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എട്ടു ശതമാനം.

(ഡി) അലോപ്പതി ആയുർവേദ മരുന്നുകളുടെ വിൽപ്പന നികുതിയിനത്തിൽ സംസ്ഥാനത്ത് 1997-98 സാമ്പത്തിക വർഷത്തിൽ 6181.28 ലക്ഷവും 1998-99 സാമ്പത്തികവർഷത്തിൽ 6166.72 ലക്ഷവും രൂപ ലജനാവിലേക്ക് അടച്ചതായി കണക്കാക്കിയിട്ടുണ്ട്. 1999-2000-ത്തിലെ വിൽപ്പനനികുതി പിരിവ് ഇപ്പോൾ ലഭ്യമല്ല.

(ഇ) ഇല്ല.

(എഫ്-എച്ച്)&(ഇ) ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

24 (1065) പെട്രോളിയം ഉൽപ്പന്നങ്ങളുടെ സെയിൽസ് ടാക്സ്

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽവരുമ്പോൾ വിദേശമദ്യം പെട്രോളിയം ഉൽപന്നങ്ങൾ എന്നിവയിൻമേലുള്ള സെയിൽസ് ടാക്സ് എത്ര വീതമായിരുന്നു;

(ബി) 1995-96 മുതൽ 1999-2000 വരെ ഓരോവർഷവും ഇവയിൻമേലുള്ള സെയിൽസ് ടാക്സ് എത്ര വീതം വർദ്ധിപ്പിച്ചു;

(സി) 1995-96 മുതൽ 1998-99 വരെ ഓരോ വർഷവും ഈ ഇനങ്ങളിൽ എന്തു തുകവീതം പിരിച്ചെടുത്തു;

(ഡി) ഈ വർഷം ഇതുവരെ ഈയിനങ്ങളിൽ എന്തു തുക വീതം പിരിച്ചെടുത്തു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇൻഡ്യൻ നിർമ്മിത വിദേശമദ്യം - 75%

വിദേശമദ്യം (വിദേശനിർമ്മിതം) - 100 %)

പെട്രോളിയം ഉൽപ്പന്നങ്ങൾ

പെട്രോൾ	-	20%
മണ്ണെണ്ണ	-	5%
മോട്ടോർ സ്പിരിറ്റ്	-	25%
നാഫ്ത	-	7%
എൽപിജി	-	20%
ലൂബ്രിക്കേഷൻ ഓയിൽ, ഗ്രീസ്, ബ്രേക്ക്ബ്ലൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ	-	15%
ഡീസൽ	-	17%
എവിയേഷൻ ഫ്യൂവൽ	-	15%

ഇതുകൂടാതെ വിൽപ്പന നികുതിയിന്മേൽ 10% സർ ചാർജ്ജും ഉണ്ട്. ഇതിനുപുറമേ വിദേശ മദ്യത്തിന് 5% ടേൺ ഓവർ ടാക്സും പെട്രോൾ ഉൽപ്പന്നങ്ങൾക്ക് 4% ടേൺ ഓവർ ടാക്സും ഉണ്ട്.

(ബി)

	95-96	96-97	97-98	98-99	99-2000
ഇൻഡ്യൻ നിർമ്മിത വിദേശമദ്യം	വർദ്ധനവില്ല	വർദ്ധനവില്ല	വർദ്ധനവില്ല	വർദ്ധനവില്ല	1.1.2000 മുതൽ 75% ത്തിൽ നിന്നും 85 % ആയി വർദ്ധിച്ചു
വിദേശമദ്യം (വിദേശ നിർമ്മിതം)	"	വർദ്ധനവില	വർദ്ധനവില	വർദ്ധനവില	100%ൽ നിന്നും 85% ആയികുറച്ചു
പെട്രോൾ	"	17% ആയി കുറച്ചു			23% ആയി വർദ്ധിച്ചു
മണ്ണെണ്ണ	"				5% ആയി വർദ്ധിച്ചു.
മോട്ടോർ സ്പിരിറ്റ്	"				37% ആയി വർദ്ധിച്ചു
നാഫ്ത	"				17% ആയി വർദ്ധിച്ചു
എൽ.പി.ജി	"	29.7.96 മുതൽ 10% ആയികുറച്ചു	മാറ്റമില്ല	മാറ്റമില്ല	12% ആയി വർദ്ധിച്ചു
ലൂബ്രിക്കേറ്റർ ഓയിൽ ഗ്രീസ്	"	വർദ്ധനയില്ല	വർദ്ധനയില്ല	വർദ്ധനയില്ല	24% വില വർദ്ധിച്ചു
ഡീസൽ	"	29.7.96 മുതൽ 15 % കുറച്ചു	"	"	20% വില വർദ്ധിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ഏവിയേഷൻ ടർമൈൻ ഫ്യൂവൽ	"	മാറ്റമില്ല	"	29.7.98 മുതൽ 20 % ആയി വർദ്ധിപ്പിച്ചു. 32 %

(സി) പെട്രോളിയം ഉൽപ്പന്നങ്ങൾ

1995-96	-	556.49 കോടി രൂപ
96-97	-	739.43 കോടി രൂപ
97-98	-	894.63 കോടി രൂപ
98-99	-	931.27 കോടി രൂപ

വിദേശമദ്യം

1995-96	-	222.79 കോടി രൂപ
96-97	-	391.26 കോടി രൂപ
97-98	-	511.46 കോടി രൂപ
98-99	-	579.02 കോടി രൂപ

(ഡി) താൽക്കാലിക കണക്കുകൾ പ്രകാരം 31.1.2000 വരെ പിരിച്ചെടുത്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പെട്രോളിയം	810.60 കോടി രൂപ
വിദേശമദ്യം	435.36 കോടി രൂപ

25 (1066) പഴൂർ വിൽപ്പന നികുതി ചെക്ക്പോസ്റ്റ്

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ പഴൂർ വിൽപ്പനനികുതി ചെക്ക് പോസ്റ്റ് തമിഴ്നാട്-കേരള അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴൂർ വിൽപ്പനനികുതി ചെക്ക്പോസ്റ്റ് കേരള-തമിഴ്നാട് അതിർത്തിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) പഴൂർ വിൽപ്പനികുതി ചെക്ക്പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ എത്രമാസത്തെ വാടകകുടിശ്ശിക ഉടമയ്ക്കു നൽകുവാനുണ്ട്;

(ഡി) കെട്ടിടത്തിന്റെ വാടകകുടിശ്ശിക ലഭിക്കുന്നതിനും കെട്ടിടം ഒഴിഞ്ഞു കൊടുക്കുന്നതിനും കെട്ടിട ഉടമ നൽകിയ അപേക്ഷയിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴൂർ വിൽപ്പന നികുതി ചെക്ക്പോസ്റ്റ് നൂൽപ്പുഴ എന്ന സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പഴൂർ വിൽപ്പനനികുതി ചെക്ക്പോസ്റ്റ് മുമ്പ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ പഴയ വാടക 5/92 മുതൽ 11/94 വരെയും പുതിയ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly